## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1034 14/01/2021-ൽ മറുപടിക്ക്

### യുവജനങ്ങൾക്ക് തൊഴിൽ ലഭ്യതക്കുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എൻ.ഷംസീർ<br>ശ്രീമതി.യു.പ്രതിഭ<br>ശ്രീ.എം.മുകേഷ്<br>ശ്രീ.വി.കെ.പ്രശാന്ത് | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പവരുത്തുന്നതിന് ആവിഷ്കരിച്ച നൂതനപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽലഭ്യത ഉറപ്പ വരുത്തുന്നതിന് ആവിഷ്കരിച്ച ഒരു പദ്ധതിയാണ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ. ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണിത്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും പുത്തൻ പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കു-വാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, |

| | | | |
|---|---|---|---|
| | | | പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്പ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചു കൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗ നിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിങ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മോക്ക് ഇന്റർവ്യൂ, മത്സരപരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്പ്മെന്റ് സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. |
| (ബി) | തൊഴിൽ മേഖലയിൽ തുടരെ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ തൊഴിൽ സാധ്യതകൾക്കനുസരിച്ച് തൊഴിൽ നൈപുണ്യശേഷി വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | തൊഴിൽ മേഖലയിൽ തുടരെത്തുടരെ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യ-ത്തിൽ പുതിയ തൊഴിൽ സാധ്യതകൾക്കനു-സരിച്ച് തൊഴിൽ നൈപുണ്യശേഷി വികസിപ്പിക്കുന്നതിന് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകളും യൂണിവേഴ്സിറ്റി ഗൈഡൻസ് ബ്യൂറോകളോടൊപ്പം മോഡൽ കരിയർ സെന്ററും ആരംഭിച്ചിട്ടുണ്ട്.<br>**എംപ്ലോയബിലിറ്റി സെന്റർ**<br>കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടു കൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ |

| | | | |
|---|---|---|---|
| | | | ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്കു അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലനകേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളു-മായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥി-കൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.<br>സംസ്ഥാനത്തെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയ-ബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ എംപ്ലോയ ബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.<br>**<u>മോഡൽ കരിയർ സെന്റർ</u>**<br>സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. സ്വകാര്യ മേഖലയിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതി-നാവശ്യമുള്ള സമഗ്രമായ കർമ്മപരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ഉദ്യോഗാർത്ഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക, ഗ്രൂപ്പ് കൗൺസിലിങ്, വ്യക്തിഗത മാർഗ്ഗനിർദ്ദേശങ്ങൾ, ഗ്രൂപ്പ് ഡിസ്കഷൻ, നൈപുണ്യ പരിശീലനങ്ങൾ തുടങ്ങിയ വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള www.ncs.gov.in എന്ന വെബ്പോർട്ടൽ മോഡൽ കരിയർ സെന്ററിന്റെ വെബ് പോർട്ടൽ ആയി ഉപയോഗിച്ചുവരുന്നു. ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും മോഡൽ കരിയർ സെന്ററിന്റെ സേവനം സൗജന്യമായി പ്രയോജനപ്പെടുത്താവുന്നതുമാണ്. സ്വകാര്യ മേഖലയിലെ പ്രമുഖ തൊഴിൽ ദായകരുമായി ചേർന്ന് ഉദ്യോഗദായകർക്കും ഉദ്യോഗാർത്ഥികൾക്കും ഒരു പോലെ പ്രയോജനപ്പെടുന്ന വിധത്തിൽ കൃത്യമായ ആസൂത്രണത്തോടു കൂടി മോഡൽ കരിയർ സെന്റർ നിശ്ചിത ഇടവേളകളിൽ ജോബ് ഫെയർ /പ്ലേസ്മെന്റ് ഡ്രൈവ് നടത്തി വരുന്നുണ്ട്.<br><br>പുതിയ തൊഴിൽ സാധ്യതകൾക്കനുസരിച്ച് തൊഴിൽ നൈപുണ്യശേഷി വികസിപ്പിക്കുന്നത് ലക്ഷ്യമാക്കി വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ISTEP (International Skill Training and Employability Programme) എന്ന പേരിൽ ഒരു നവീന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ ഓയിൽ & റിഗ്, നഴ്സിംഗ്, അദ്ധ്യാപനം, വാട്ടർ & വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, സംരംഭകത്വം, വിദേശഭാഷ പരിശീലനം, കായികം തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ കേരളത്തിലെ വിവിധ ജില്ലകളിലായി പ്രവർത്തിച്ചു വരുന്നു. ഇത് കൂടാതെ ഉന്നത നിലവാരത്തിലുള്ള തൊഴിൽ |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങളുടെ തിരഞ്ഞെടുത്ത കോഴ്സുകൾക്ക് KASE ന്റെ അക്രഡിറ്റേഷനും ലഭ്യമാക്കുന്നു. കൂടാതെ പുതിയ തൊഴിൽ സാധ്യതകൾക്ക് അനുസൃതമായി റിന്യൂവബിൾ എനർജി, ഹോസ്പിറ്റാലിറ്റി എന്നീ മേഖലകളിലും ഭിന്നശേഷിക്കാർക്ക് മാത്രമായും മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | തൊഴിലന്വേഷകരെയും തൊഴിൽ ദായകരെയും ഒറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിനായി ഈ സർക്കാർ സ്റ്റേറ്റ് ജോബ് പോർട്ടലിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | വിവര സാങ്കേതികവിദ്യയുടെ നൂതനവും വിപുലവുമായ സാദ്ധ്യതകളെ ഉപയോഗ-പ്പെടുത്തി അഭ്യസ്തവിദ്യരായ തൊഴിലന്വേഷ-കരെയും, തൊഴിൽദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാലക സംവിധാനമായി "സ്റ്റേറ്റ് ജോബ് പോർട്ടൽ" (www.statejobportal.kerala.gov.in) തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. തൊഴിൽ അന്വേഷകർക്കു സ്വന്തം വിവരങ്ങൾ ഈ പോർട്ടലിൽ അപ്ഡേറ്റ് ചെയ്ത് തങ്ങൾക്കു അനുയോജ്യമായ തൊഴിലവസരങ്ങൾ കണ്ടെത്തുവാനും തൊഴിൽ ദാതാവിന് തൊഴിലവസരങ്ങൾ പോർട്ടലിൽ നൽകി തങ്ങൾക്കു അനുയോജ്യമായ ഉദ്യോഗാർഥിയെ കണ്ടെത്തുവാനും സാധിക്കും. തൊഴിലന്വേഷകരുടെയും തൊഴിൽ ദാതാക്കളുടെയും രജിസ്ട്രേഷൻ, ഡാറ്റാ അനാലിസിസ്, തൊഴിലന്വേഷണം, ലേർണിംഗ് മാനേജ്മെന്റ് സംവിധാനം, ജോബ് ബ്ലോഗ്, ജോബ് ഫെയർ, മറ്റു പോർട്ടലുകളുമായുള്ള സംയോജനം, ബയോഡാറ്റ തയ്യാറാക്കൽ, വീഡിയോ റെസ്യൂമെ എന്നീ സൗകര്യങ്ങൾ ഈ പോർട്ടലിൽ ലഭ്യമാണ്. പ്ലെയ്സ്മെന്റ് ഡ്രൈവുകൾ, ക്യാമ്പസ് റിക്രൂട്ട്മെന്റ് ഡ്രൈവുകൾ, ജോബ് മേളകൾ മുതലായവ സ്റ്റേറ്റ് ജോബ് പോർട്ടലിലൂടെ നടത്തുവാൻ |

| | | | |
|---|---|---|---|
| | | | സാധിക്കും. ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് രാജ്യാന്തര പ്രൊഫഷണൽ നെറ്റ്‌വർക്ക് ആയ ലിങ്ക്ഡ് ന്റെ സേവനം ലഭ്യമാകുന്നതാണ്. ഇതിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് ലിങ്ക്ഡ് ഇൻ പ്രൊഫൈൽ സ്വന്തമാക്കാൻ സാധിക്കും. ലിങ്ക്ഡ് ഇൻ പ്രൊഫൈൽ ഉള്ളവർക്ക് അതുവഴി ജോബ് പോർട്ടലിലെ സേവനം ലഭ്യമാക്കാനും സാധിക്കും. യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് ഡാറ്റാബേസ് സ്റ്റേറ്റ് ജോബ് പോർട്ടലുമായി സംയോജിപ്പിക്കുന്നതിനുള്ള പ്രക്രിയ ആരംഭിച്ചു. അതിലൂടെ കേരളത്തിലുടനീളമുള്ള വിവിധ സർവ്വകലാശാലകളിൽ പാസാകുന്ന വിദ്യാർത്ഥികൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യും. കേരളത്തിലുടനീളം യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ ഡാറ്റാബാങ്ക് നിർമ്മി-ക്കാൻ ഇത് സഹായിക്കും. നിലവിൽ 241 തൊഴിൽദാതാക്കളും 95,344 തൊഴിൽ അന്വേഷകരും, 102 വിദ്യാഭ്യാസ സ്ഥാപനങ്ങളും പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ-ക്കനുയോജ്യമായ ഏതെല്ലാം നൈപുണ്യവികസന കോഴ്സുകളാണ് ഈ സർക്കാർ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | കോഴ്സുകളുടെ പട്ടിക **അനുബന്ധമായി** ചേർത്തിരിക്കുന്നു. |

Kavitha.T

**സെക്ഷൻ ഓഫീസർ**

Annex
(നിയമസഭ ചോ. (1034))

**Courses offered in CoEs and accredited courses**

1. **Water & Waste Water Treatment**

Certified Course in Water and Waste Water Treatment Plant Operator/Helper

2. **Ayurveda**

| Sl No | Courses |
|---|---|
| 1 | Diploma Ayurveda Nursing |
| 2 | Diploma in Panchakarma Therapy |
| 3 | Diploma Ayurveda Pharmacy |

3. **Tourism and Hospitality**

| Sl No | Courses |
|---|---|
| 1 | Housekeeping attendant |
| 2 | Kitchen Steward |
| 3 | Food and Beverage trainee |

4. **Mechanical Engineering**

| Sl. No. | Name of the course |
|---|---|
| 1. | NDT ASNT Level II |
| 2. | Welding Inspection |
| 3. | Piping & Pipeline Engg. |
| 4. | Mechanical QA/QC |
| 5. | Civil QA/QC |
| 6. | Quantity Surveying (QS) |
| 7. | Construction Management |
| 8. | MEP Engineering |
| 9. | HVAC Engineering |
| 10. | Diploma in Oil & Gas |

5. **Sports**

| Sl No | Courses |
|---|---|
| 1 | PG Diploma in Sports Management |
| 2 | Advanced Diploma in Sports Business |
| 3 | Certified Sports Manager |
| 4 | Advanced Diploma in Sports Engineering |

## List of PMKVY Courses

| Sl.No | Job Role |
|---|---|
| 1 | Accounts Executive ( Recording and Reporting) |
| 2 | Mobile Phone Hardware Repair Technician |
| 3 | Field Technician Computing & Peripherals |
| 4 | Self Employed Tailor |

[redacted]

| | |
|---|---|
| 5 | Hand Embroider |
| 6 | Animator |
| 7 | Beauty Therapist |
| 8 | Assistant Electrician |
| 9 | Fitter Mechanical Assembly |
| 10 | Documentation Assistant |
| 11 | Assistant Beauty Therapist |
| 12 | Retail Sales Associate |
| 13 | Domestic Data entry Operator. |
| 14 | CRM Domestic Non-voice. |
| 15 | CCTV Installation Technician. |
| 16 | Retail Trainee Associate |
| 17 | Inventory Clerk |
| 18 | General Duty Assistant |
| 19 | Courier Delivery |
| 20 | Meet & Greet Officer |
| 21 | Consignment Booking Assistant |
| 22 | Counter Sales Executive |
| 23 | CRM Domestic voice. |
| 24 | Filed Technician Other Home Appliances |
| 25 | Fitter Electrical and Electronic Assembly |
| 26 | WareHouse Picker |
| 27 | WareHouse Packer |
| 28 | Field Technician networking & Storage |
| 29 | Sewing Machine Operator |
| 30 | Plumber General |
| 31 | Organic Grower |
| 32 | Front Office Executive |
| 33 | Goods and Service Tax Accounts Assistant |
| 34 | House Keeping Attendant |
| 35 | Front Office Associate |
| 36 | Junior Software Developer |
| 37 | Retail Team Leader |
| 38 | Broadband Technician |
| 39 | Telecom Tower Technician |
| 40 | Optical Fibre Technician |
| 41 | Manual Metal Arc Welding |
| 42 | Fitter Fabrication |
| 43 | Installation Technician Computer& Peripherals |

| | |
|---|---|
| 44 | Pharmacy Assistant |
| 45 | Mushroom Grower |
| 46 | Micro Irrigation Technician |
| 47 | Customer Care Executive Telecom (call centre) |
| 48 | Automotive Service Technician Level 4 |
| 49 | Sales Associate Level 4 |
| 50 | Customer Care Executive - Call Centre |
| 51 | Distribution Lineman |
| 52 | Plumbing After Sales Service |
| 53 | Solar PV Installer - Electrical |
| 54 | Automotive service technician(2&3 wheelers) |
| 55 | Automotive service technician level 3 |
| 56 | Field Engineer RACW |
| 57 | IT Coordinator in School |
| 58 | Assembly Operator RAC |
| 59 | F & B Service Steward |
| 60 | Multi Cuisine Cook |
| 61 | Airline Reservation Agent |

12/01/21

Kavitha. I
സെക്ഷൻ ഓഫീസർ